# കേരള സർവകലാശാല

നം. പി.ആർ.071/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സരം), പത്താം സെമസ്റ്റർ എൽ.എൽ.ബി (പഞ്ചവത്സരം) – (2011-12-ന് മുമ്പുള്ള അഡ്മിഷൻ – കോമൺ ഫോർ അഡീഷണൽ/ മേഴ്സി ചാൻസ്) പരീക്ഷകൾ മേയ് 27-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഡ് (നോൺ സി.എസ്.എസ്) ടൈംടേബിൾ

കേരള സർവകലാശാല മേയ് 23-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് ദ്വിവത്സരം – 2015 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ കോഴ്സ് ഇന്റർവ്യൂ മേയ് 10 രാവിലെ 11 മണിക്കും സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് കോഴ്സ് ഇന്റർവ്യൂ മേയ് 11 രാവിലെ 11 മണിക്കും പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നടത്തും. അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പങ്കെടുക്കാം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. പ്രായപരിധിയില്ല. നിശ്ചിത യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം നേരിട്ട് ഹാജരാകണം. ഫോൺ. 0471-2302523.

### എം.എ റഷ്യൻ പരീക്ഷ

കേരള സർവകലാശാല മേയ് 27-ന് തുടങ്ങുന്ന എം.എ (പാർട്ട് ടൈം) റഷ്യൻ ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (പ്രീവിയസ് – 2013-2016) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 11 (50 രൂപ പിഴയോടെ മേയ് 12, 250 രൂപ പിഴയോടെ മേയ് 13) വരെ അപേക്ഷിക്കാം.

### ബാച്ചിലർ ഓഫ് ഡിസൈൻ ഫലം

കേരള സർവകലാശാല 2015 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ആറ് വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
06.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**